ഇറയം റിസർച്ച് ജേർണൽ

Volume V Issue 1

# പത്രമലയാളത്തിന്റെ പ്രത്യയശാസ്ത്ര(അ)ധർമ്മം

**ശിവപ്രസാദ് പി.**

**താക്കോൽവാക്കുകൾ: വ്യവഹാരാപഗ്രഥനം, മാധ്യമമലയാളം, രാജവ്യവഹാരങ്ങൾ, യുദ്ധവ്യവഹാരങ്ങൾ, സിംഹാസനം,**

**സംഗ്രഹം:** മാധ്യമങ്ങൾ മാനകീകരിച്ച മലയാളമാണ് മലയാളിയുടെ പൊതുബോധങ്ങളെ നിർണ്ണയിക്കുന്നത്. അതാകട്ടെ മധ്യകാല നാടുവാഴിത്തത്തിന്റെ മൂല്യങ്ങളെ ഉള്ളടങ്ങുന്നതും പകർന്നുപോരുന്നതുമാണ്. അധികാരകേന്ദ്രങ്ങളിലുള്ള പ്രയോക്താക്കളുടെ പ്രത്യയശാസ്ത്രങ്ങളെ സൂക്ഷ്മമായി വിനിമയിച്ചുകൊണ്ടാണ് മാധ്യമങ്ങൾ ഇക്കാലത്തും പ്രവർത്തിക്കുന്നത്. ചുരുക്കത്തിൽ മലയാളിയുടെ ജീവിതവീക്ഷണങ്ങളെ മാധ്യമഭാഷ നിർണ്ണയിക്കുകയോ പരിമിതപ്പെടുത്തുകയോ ചെയ്യുന്നുവെന്ന് സമർഥിക്കുന്നു.

---

അച്ചടി എന്ന സാങ്കേതികവിദ്യയാണ് പത്രങ്ങളെ സാധ്യമാക്കിയതെങ്കിലും മതപ്രചാരണം, നവോത്ഥാനം, കൊളോണിയലിസം, സ്വാതന്ത്ര്യസമരം, ദേശീയത, വ്യവസായം തുടങ്ങി പരസ്പരം കൂടിക്കലർന്നു കിടക്കുന്ന ആശയധാരകളുമായി ബന്ധപ്പെട്ടാണ് പത്രങ്ങൾ തങ്ങളുടെ ഇടം കണ്ടെത്തുന്നത്. ഇന്ത്യയിൽ പൊതുവെയും മലയാളത്തിൽ വിശേഷിച്ചും ഇതാണ് വസ്തുത. മലയാളത്തിന്റെ മാനകീകരണം, മാധ്യമീകരണം തുടങ്ങി ഗദ്യവികാസംവരെയുള്ള മേഖലകളിൽ നിർണ്ണായകമായി ഇടപെട്ട മാധ്യമംകൂടിയാണ് പത്രം. പൊതുവിൽ അച്ചടി മാധ്യമങ്ങളെല്ലാം ഈ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. സമാന്തരമായി നവോത്ഥാനമടക്കമുള്ള സാമൂഹികസാംസ്കാരികരംഗങ്ങളിലും അച്ചടിമാധ്യമങ്ങളുടെ സ്വാധീനം തുടക്കം മുതൽതന്നെയുണ്ട്.[1]

ഭാഷയുടെ ഏകീകരണം സംസ്ഥാനത്തിന്റെ ഏകീകരണത്തിലേക്കുള്ള ഗതിക്ക് ആക്കം കൂട്ടിയ പ്രവർത്തനമായിരുന്നു. രാഷ്ട്രീയമായും ഐക്യകേരളത്തിന് പശ്ചാത്തലമൊരുക്കിയത് അച്ചടിമാധ്യമങ്ങളാണ്. സാമാന്യജനങ്ങളുടെ പ്രത്യയശാസ്ത്ര-പൊതുബോധ രാഷ്ട്രീയനിർമ്മിതികളിൽ നിർണ്ണായക സ്വാധീനമുള്ള ഒരു ഇടനിലയായി നിന്നുകൊണ്ട് പത്രങ്ങൾ അതിന്റെ തുടക്കത്തിൽത്തന്നെ തങ്ങളുടെ മാധ്യമപരത തെളിയിച്ചിരുന്നു. എന്നാൽ പിന്നീടതിന്റെ വളർച്ച മേല്പറഞ്ഞ മാധ്യമത്വത്തിൽനിന്ന് കർതൃത്വത്തിലേക്ക് (Agency) മാറുന്നതാണ് കാണുക. ഇന്ന് പത്രമടക്കമുള്ള പരമ്പരാഗതമായ മുഖ്യധാരാമാധ്യമങ്ങൾ മാധ്യസ്ഥമല്ല ഏജൻസിതന്നെയാണ് എന്നതാണ് വസ്തുത. അച്ചടിമാധ്യമങ്ങളിൽ പിന്നീട് വലിയ സ്വാധീനമുണ്ടാക്കാൻ കഴിഞ്ഞ പത്രങ്ങളേയും പത്രമലയാളത്തേയും സമകാലികമാതൃകകളെ മുൻനിർത്തി വിലയിരുത്താൻ ശ്രമിക്കുകയാണ് ഇവിടെ. തെരഞ്ഞെടുത്ത പ്രാതിനിധ്യസ്വഭാവമുള്ള

[1] ദേശീയതയടക്കമുള്ള രാഷ്ട്രീയലക്ഷ്യങ്ങളും വിദ്യാഭ്യാസപ്രചാരണവും അയിത്തോച്ചാടനമുൾപ്പെടെയുള്ള സാമൂഹികലക്ഷ്യങ്ങളും മുൻനിർത്തി ഇന്ത്യൻ ഭാഷകളിലും ഇംഗ്ലീഷിലും രൂപം കൊണ്ട ബഹുഭൂരിപക്ഷം പത്രങ്ങളും പത്തൊൻപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതി മുതൽ ഒരു നൂറ്റാണ്ടുകാലം ഏറ്റെടുത്ത നിരവധിയായ നവോത്ഥാന , ആധുനിക മൂല്യങ്ങളും ആശയങ്ങളുമുണ്ട് (2012:66).

വ്യവഹാരമാതൃകൾ മാത്രമാണ്, അതിന്റെ പ്രയോഗസന്ദർഭങ്ങളെക്കൂടി പരിഗണിച്ച് അപഗ്രഥനത്തിന് സ്വീകരിക്കുന്നത്.

മലയാളത്തിലിറങ്ങിയ ആദ്യപത്രത്തിന്റെ ആദ്യലക്കത്തിൽ ചേർത്തിരിക്കുന്ന പ്രസ്താവനയിലെ വാക്കുകളിങ്ങനെയാണ്. 'വർത്തമാനങ്ങൾ ചിലതു രാജാവിന്റെ സ്തുതിക്കും പ്രജകളുടെ സന്തൊഷത്തിനും ആയി അറിയിക്കുന്നതു നന്നെന്നു ഞങ്ങൾക്കു തൊന്നി ഇരിക്കുന്നു.' ഇതിലെ രാജാവ് എന്ന വാക്കിന്റെ വിവക്ഷ യേശുക്രിസ്തുവായിരുന്നുവെങ്കിലും അധികാരത്തോടുള്ള (ദൈവം, മതം തുടങ്ങിയ അധികാരവ്യവസ്ഥകൾ) പത്രത്തിന്റെ നില സുവ്യക്തമായി സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. പത്രലക്ഷ്യം അധികാരത്തിന് സ്തുതിപാടലും സാമാന്യജനത്തിന് സന്തോഷം നൽകലുമാണെന്ന് അർഥശങ്കയ്ക്കിടയില്ലാതെ തുറന്നുപറഞ്ഞിട്ടാണ് *രാജ്യസമാചാരം* സമാചാരങ്ങളുമായി വരുന്നതെന്ന വസ്തുത ശ്രദ്ധേയമാണ്. മറ്റൊരു കൗതുകം പത്രം ആരെയാണ് സന്തോഷിപ്പിക്കാൻ ഉദ്ദേശിക്കുന്നത് എന്നതാണ്. ദൈവ'രാജ'ന് സ്തുതി പാടുന്നതോടൊപ്പം 'പ്രജ'കൾക്ക് സന്തോഷം കൊടുക്കുകയും പത്രത്തിന്റെ ലക്ഷ്യമാകുന്നു. (ക്രിസ്തുരാജന്റെ പ്രജകളെ, പ്രജകളാകാൻ ആഗ്രഹിക്കുന്നവരെ എന്ന വിവക്ഷയും ഇവിടെയുണ്ട്) ഇവിടെ പ്രജ എന്ന പ്രയോഗം അക്ഷരാർഥത്തിൽ കൃത്യമായാണ് ഉപയോഗിച്ചിരിക്കുന്നത്. അന്ന് പൗരനല്ല, പ്രജ തന്നെയാണ് ഉണ്ടായിരുന്നത്. മാത്രമല്ല ദൈവത്തെ രാജാവായിതന്നെയാണ് പത്രം വിഭാവനം ചെയ്യുന്നത്. രാജ്യസമാചാരകാലത്ത് സാധുവായിരുന്ന രാജ-പ്രജാസങ്കല്പനങ്ങൾതന്നെയാണ് കാലവും വ്യവസ്ഥയും വലിയതോതിൽ മാറിയിട്ടും പത്രങ്ങൾ (അബോധത്തിലെങ്കിലും) തുടരുന്നത്.

**1. മാധ്യമമലയാളത്തിലെ രൂപകധർമ്മങ്ങൾ**

തെളിച്ചമുള്ളതും അസന്ദിഗ്ധതകൾക്ക് ഇട കൊടുക്കാത്തതും വൈകാരികത കലർത്താത്തതുമായ വാർത്തകൾ നിഷ്പക്ഷതയോടെ കൈമാറാനാണ് പത്രങ്ങൾ തുടക്കത്തിൽ ശ്രമിച്ചിരുന്നത്. ഇവിടെ കൈമാറുക എന്ന പദം അതിന്റെ മുഴുവൻ അർഥത്തിലും അക്കാലത്തെ പത്രഭാഷയിൽ പ്രകടമായിരുന്നു. ദേശീയ, അന്തർദേശീയ വാർത്തകളെല്ലാം ഏറിയപങ്കും ഇംഗ്ലീഷിലാണ് എത്തുന്നത്. ആ വാർത്തകളെ തെറ്റുകൂടാതെ, ഒരു യന്ത്രത്തിന്റെ നിഷ്പക്ഷതയോടെ മലയാളത്തിലേക്ക് മാറ്റുക മാത്രമാണ് ചെയ്തിരുന്നത്. വാർത്തകൾക്ക് നീക്കിവെയ്ക്കുന്ന സ്ഥലം, പ്രാധാന്യം, പ്രാദേശികവും അല്ലാത്തതുമായ ചില വാർത്തകൾ, മുഖപ്രസംഗം എന്നിങ്ങനെയുള്ള വ്യവഹാരങ്ങളിൽമാത്രം പത്രം തങ്ങളുടെ പക്ഷങ്ങളെ വെളിപ്പെടുത്തിവന്നു. എന്നാൽ ഇതുമാറി മുഴുവൻ വാർത്തകളും തങ്ങളുടെ മാത്രം വാർത്തയാക്കി അവതരിപ്പിക്കേണ്ട സ്ഥിതിയിലേക്ക് പത്രങ്ങൾ മാറുന്നത് ഇതര പത്രങ്ങളുടെ മത്സരത്തോടൊപ്പം റേഡിയോ, ടെലിവിഷൻ തുടങ്ങിയ മാധ്യമങ്ങളുടെ കടന്നുവരവോടെയുമാണ്. വാർത്തയുടെ കാതലോ ഉള്ളടക്കമോ അല്ല അത് നല്കുന്ന കവറാണ്,[2] രൂപമാണ് മാറ്റത്തിന് വിധേയമായത്. ഒരേ വാർത്തയിൽ കേന്ദ്രീകരിച്ച് ഡസനിലധികം പ്രധാനപത്രങ്ങൾ ഇറങ്ങുന്ന സാഹചര്യത്തിൽ തലക്കെട്ടടക്കം എല്ലാം ശ്രദ്ധയോടെ തെരഞ്ഞെടുക്കേണ്ടി വരുന്നു. വരിക്കാരായവരെ തൃപ്തിപ്പെടുത്തുകയോ പിടിച്ചുനിർത്തുകയോ മാത്രമല്ല ലക്ഷ്യം. യാത്രക്കാരെ, വഴിയോരങ്ങളിൽനിന്ന് പത്രം വാങ്ങുന്നവരെയൊക്കെ ആകർഷിക്കുന്ന ലേയൗട്ടും തലക്കെട്ടും ചിത്രവുമൊക്കെ അവശ്യമാകുന്നു.

[2] വാർത്തകളുടെ മുഖ്യ ഉറവിടമായ സംഭവങ്ങൾ , പരിപാടികൾ തുടങ്ങിയവ റിപ്പോർട്ടുരൂപത്തിലേക്ക് മാറ്റുന്നതിനായി അവിടങ്ങളിലേക്ക് മാധ്യമപ്രവർത്തകർ പോകുന്നതിന് പ്രോഗ്രാം 'കവർ' ചെയ്യുക എന്നാണ് മാധ്യമഭാഷയിൽ പറയാറ്. കവറിങ്ങിന് മറയ്ക്കുക, മറച്ചുവെയ്ക്കുക എന്നെല്ലാം അർഥങ്ങളുണ്ട്.

മാധ്യമഭാഷയിലെ ഈയൊരു പൊളിച്ചെഴുത്ത് വേണ്ടിവന്നത് ഇപ്രകാരം കാലികമായി പുരോഗമിച്ച മാധ്യമമത്സരത്തിന്റെ ഭാഗമായാണ്. 'ഗാന്ധിജി വെടിയേറ്റ് മരിച്ചു' (മാതൃഭൂമി) എന്ന നിഷ്പക്ഷമായ, വസ്തുനിഷ്ഠമായ ഒരു തലക്കെട്ട് ഇന്നത്തെ പത്രത്തിന് ആലോചിക്കാൻപോലും കഴിയാത്തവിധം പത്രഭാഷയിൽ മാറ്റം വന്നിരിക്കുന്നു. ഇന്നാണെങ്കിൽ ഇതിൽ വന്നേക്കാവുന്ന ഭാവനാവിലാസങ്ങൾ കൗതുകകരമായ ആലോചനയ്ക്ക് വഴിയൊരുക്കും. പത്രത്തിന്റെ രൂപം പുതുക്കാൻ പത്രഭാഷയെ രൂപകാത്മകമാക്കുകയാണുണ്ടായത്.

രൂപകങ്ങൾ (Metaphor) എന്നത് ഭാഷയുടെ വളര്ച്ചയുടെ ഒരു സൂചകമാണ്. ഒരു വാക്കിന് ഒരര്ഥംഎന്ന കിറുകൃത്യത ഭാഷാവളർച്ചയയെ നിരുത്സാഹപ്പെടുത്തും. വികസ്വരമായ അറിവുകളെ രേഖപ്പെടുത്താൻ എത്ര ചെറിയ ഭാഷയും ഉപയോഗിക്കുക രൂപകങ്ങൾ ഉണ്ടാക്കുകയെന്ന തന്ത്രമാണ്. പരിചിതമായ ഒരാശയത്തെ കുറിക്കാനുള്ള രൂഢിയായ ഒരു വാക്കിനെ അപരിചിതമായ മേഖലകളിലേക്കുകൂടി, ഏതെങ്കിലും സാദൃശ്യത്തെ പിന്പറ്റി പാകപ്പെടുത്തുകയാണ് രൂപകങ്ങൾ[3] ചെയ്യുന്നത്. മാധ്യമമലയാളത്തിൽ രൂപകം/ലക്ഷകം എന്നിങ്ങനെ ആലങ്കാരികവും ധൈഷണികവും ആയി വിവക്ഷിച്ചുവരുന്ന ആശയങ്ങൾ കൂടിക്കലർന്ന് പ്രവർത്തിക്കുന്നതായി കാണാം. ഈ പഠനം ഇവയിലൊന്നിന്റെ കണിശമായ സാങ്കേതികതയിലല്ല, മറിച്ച് ഇതിലൂടെ സാധിക്കുന്ന വിനിമയവിശേഷങ്ങളിലാണ് ഊന്നുന്നത്.

**1.1. മാധ്യമമലയാളത്തിലെ രാജപക്ഷം**

മാധ്യമമലയാളത്തിന് രാജവാഴ്ചയോടാണ് കൂറ്. വ്യവസ്ഥ മാറിയതോ ജനായത്തം വന്നതോ മാനകമലയാളത്തിന്റെ പ്രത്യക്ഷരൂപമെന്ന് കരുതിപ്പോരുന്ന മാധ്യമഭാഷ അറിഞ്ഞമട്ടില്ല. മാധ്യമമലയാളത്തെപ്പറ്റി വ്യക്തമായ ധാരണകൾ ഉണ്ടായിരുന്ന സ്വദേശാഭിമാനി രാമകൃഷ്ണപിള്ളപോലും 'രാജ'ത്വം പ്രധാനമായി കണ്ട ആളാണ്. അദ്ദേഹത്തിന്റ വൃത്താന്തപത്രപ്രവർത്തനം എന്ന പുസ്തകത്തിന്റെ അവതാരികയിൽ *കേരളപത്രിക*യുടെ പത്രാധിപർ സി. കുഞ്ഞിരാമമേനോനെ വിശേഷിപ്പിക്കുന്നത് 'രാജശ്രീ' എന്നാണ്. തുടർന്ന് ഏ.ആർ. രാജരാജവർമ്മയെ 'മഹാരാജശ്രീ' എന്നും. 'ശ്രീ' പോലുള്ള പ്രചാരമുള്ളതും ബഹുമാനസൂചകവുമായ വിശേഷണങ്ങൾക്ക് (അതും പ്രത്യയശാസ്ത്രമുക്തമല്ല, ശ്രീത്വം, ഐശ്വര്യം പോലുള്ള സങ്കല്പങ്ങൾ ഒരു വലിയ വിഭാഗത്തെ മാറ്റിനിർത്തിയവ കൂടിയാണ്. അശ്രീകരം എന്നത് ഭാഷയിൽ തെറിയാണ് എന്നും ഓർക്കുക) പുറമേ രാജശബ്ദം കടന്നുവരുന്നത് ആ വ്യവസ്ഥയോടുള്ള കൂറായി കാണണം. എന്നാൽ പിന്നീട് വരാനിരിക്കുന്ന ജനായത്തത്തെ അക്കാലത്തുതന്നെ വിഭാവനം ചെയ്യാത്തത് രാമകൃഷ്ണപിള്ളയുടെ അപരാധമായി കാണുന്നത് ശരിയല്ല. രാജാവിനെ മാറ്റാനല്ല നന്നാക്കാനും അതുവഴി നാട് നന്നാക്കാനുമാണ് രാമകൃഷ്ണപ്പിള്ളയടക്കമുള്ള പത്രാധിപന്മാർ ശ്രമിച്ചത് എന്നതും ഓർക്കാം.

രാജവ്യവസ്ഥയുടെ ഓർമകളെ നിരന്തരം നിലനിർത്തിയും ആവർത്തിച്ചുമാണ് മലയാള മാധ്യമങ്ങളെല്ലാം പ്രവർത്തിച്ചുവരുന്നത് എന്നത് അതിഗൗരവമുള്ള വിഷയമാണ്. കൂടുതൽ ഫലവത്തായ രീതിയിൽ ജനായത്തത്തെ അതിന്റെ പ്രായോഗികകതയിലേക്ക്

[3] മറ്റൊന്നിൻ ധര്മ്മയോഗത്താലതുതാനല്ലയോ ഇത് എന്ന ഭാഷാഭൂഷണത്തിലെ രൂപകനിര്വ്വചനത്തില്പ്പോ ലും ഇത് ഉള്ളടങ്ങിയിട്ടുണ്ട്. അവിടെ കാവ്യകല്പനകളെ മാത്രമേ പരിഗണിക്കുന്നുള്ളൂ എന്നായിരുന്നിട്ടുപോലും.

സാക്ഷാത്കരിക്കേണ്ട, അതിനു പ്രതിജ്ഞാബദ്ധമായി പ്രവർത്തിക്കേണ്ട മാധ്യമങ്ങൾ വാസ്തവത്തിൽ വിപരീതദിശയിലാണ് പ്രവർത്തിക്കുന്നത്. ഭാഷയടക്കമുള്ള ചിഹ്നങ്ങളിലൂടെയാണ് മാധ്യമങ്ങൾ രാജത്തത്തോടും യുദ്ധത്തോടുമൊക്കെ ചേർന്നുനില്ക്കുന്നത്. ജനായത്തത്തിന്റെ ഏറ്റവും ഗൗരവമുള്ള പ്രവർത്തനം എന്ന നിലയിൽ കാണേണ്ട തെരഞ്ഞെടുപ്പിനെ മാധ്യമങ്ങൾ എപ്രകാരമാണ് കാണുന്നതെന്നത് പ്രകടമായ ഉദാഹരണമാണ്.

**1.1.1. തെരഞ്ഞെടുപ്പും മാധ്യമങ്ങളും**

അടിമുടി മാധ്യമീകൃതമായ ഒരു സമൂഹം എന്ന നിലയിൽ മലയാളത്തിലെ മാധ്യമങ്ങൾക്ക് തെരഞ്ഞെടുപ്പുകാലത്ത് സുപ്രധാനമായ റോളുണ്ട്. സ്ഥാനാർഥികളെ പരിചയപ്പെടുത്തുക, മണ്ഡലങ്ങളുടെ നിലവിലെ സ്ഥിതിയും പരിഹരിക്കേണ്ട പ്രശ്നങ്ങളും ജനങ്ങളുടെ ആവശ്യങ്ങളും ശ്രദ്ധയിലെത്തിക്കുക, രാഷ്ട്രീയ നീക്കുപോക്കുകൾ, നിലപാടുകൾ, തുടങ്ങി ചരിത്രപരമായ വസ്തുതകൾ ജനങ്ങളിൽ എത്തിക്കുക, സ്ഥാനാർഥികൾക്ക് പറയാനുള്ളത് കേൾപ്പിക്കുക, പ്രകടന പത്രികകൾ താരതമ്യം ചെയ്യുക എന്നിങ്ങനെ തിരക്കുപിടിച്ചതും ഗൗരവമുള്ളതുമായ ജോലികൾ മാധ്യമങ്ങൾക്ക് ഈ കാലത്ത് ഉണ്ട്. ഇതിലെല്ലാം നല്ല മത്സരവും മാധ്യമങ്ങൾക്കിടയിൽ പ്രകടമാണ്.

**1.1.1.1. യുദ്ധസങ്കല്പനം തെരഞ്ഞെടുപ്പിൽ**

തെരഞ്ഞെടുപ്പിനെ യുദ്ധമായി കാണുന്ന മാധ്യമവീക്ഷണങ്ങളാണ് ആ വ്യവഹാരങ്ങളിൽ കാണുന്നത്. 2019 മാർച്ച് 11 ലെ മനോരമയുടെ ഒന്നാംപേജ് മുഴുവനായി തെരഞ്ഞെടുപ്പ് വിജ്ഞാപനവാർത്തയുമായാണ് വന്നിരിക്കുന്നത്. കോട്ടവാതിലെന്ന് തോന്നിക്കുന്ന വരയാണ് പേജിന്റെ ആദ്യപകുതിയിൽ പശ്ചാത്തലമായിരിക്കുന്നത്. താഴെ പുൽമൈതാനമാണ്. പടച്ചട്ടയണിഞ്ഞ് വാളോങ്ങി നില്ക്കുന്ന പടയാളികൾ അതിലുണ്ട്. മുന്നിൽ നില്ക്കുന്ന രണ്ടുപേരുടെ ചിത്രം വലുതാക്കി പരസ്പരം വെട്ടാൻ നില്ക്കുന്നതുപോലെ വരച്ചിരിക്കുന്നു. ഇടതുഭാഗത്ത് നരേന്ദ്ര മോദിയും വലതുഭാഗത്ത് രാഹുൽ ഗാന്ധിയുമാണ് വരയിൽ. മുഖങ്ങൾ കാരിക്കേച്ചർ സ്വഭാവമുണ്ടെങ്കിലും യഥാതഥമായാണ് വരച്ചിരിക്കുന്നത്. രണ്ടുപേർക്കും കൈയ്യിൽ വാളുണ്ട്. അവരുടെ തലകൾക്ക് മുകളിലായി വലിയ തലക്കെട്ട് 'അങ്കം കുറിച്ച്' എന്നാണ്. തലക്കെട്ടിനു താഴെ 'ലോക്സഭാ തിരഞ്ഞെടുപ്പ് ഏഴു ഘട്ടം' എന്നും കൊടുത്തിരിക്കുന്നു. മറ്റു വിശദാംശങ്ങൾ ചിത്രത്തിനു നടുവിലും താഴെയുമായി പോയിന്റ് ചെയ്ത് നല്കിയിട്ടുണ്ട്. പശ്ചാത്തലമായ കോട്ടവാതിലിനു മുകളിൽ മലയാള മനോരമ എന്നെഴുതിയതിന് നടുവിലുള്ള എംബ്ലം മറയുന്ന വിധത്തിൽ പെരുമ്പറ കൊട്ടുന്ന, രാജകാലത്തെ ഓർമിപ്പിക്കുന്ന ഒരാളുടെ വരയും ഉണ്ട്. ഇതിലൂടെ വിജ്ഞാപനം വിളംബരം ആകുന്നു. അടിമുടി യുദ്ധാന്തരീക്ഷമാണ് തെരഞ്ഞെടുപ്പിന് നല്കുന്നത്. അങ്കം എന്ന പദംതന്നെ തലക്കെട്ടിൽ പ്രയോഗിക്കുകയും ചെയ്യുന്നു.

അങ്കവും അങ്കത്തട്ടും പോർക്കളവും സ്ഥിരമായി പ്രയോഗിച്ചാണ് തെരഞ്ഞെടുപ്പിനെ സംബന്ധിച്ച വാർത്തകളോരോന്നും അച്ചടിമാധ്യമങ്ങൾ തയ്യാറാക്കുന്നത്. അങ്കത്തിന് വടക്കൻപാട്ടുകളിലെ പുത്തരിയങ്കം പോലുള്ള സ്മരണകളുമുണ്ട്. യുദ്ധം എന്ന അർഥമുണ്ട്. ഇതു രണ്ടുമല്ലാത്ത തെരഞ്ഞെടുപ്പിലേക്ക് അതിലെ അധികാരമത്സരമെന്ന ആശയത്താൽ അങ്കം കടന്നുവരുന്നു. ഭാഷയുടെ രൂപകധർമ്മങ്ങളിൽ സംഗതമായ പ്രയോഗമാണിത്. എന്നാൽ

അതേസമയം ജനായത്തത്തിന് വിരുദ്ധവും. തെരഞ്ഞെടുപ്പ് വിജ്ഞാപനം രാജവിളംബരമാവുന്നത് രൂപകധർമ്മമായല്ല, പ്രത്യയശാസ്ത്രമായാണ് വിനിമയിക്കപ്പെടുക. ഒരു പ്രത്യേക ചരിത്രഘട്ടത്തെ സ്മരണയിൽ ഉല്പാദിപ്പിക്കുകയാണ് ഈ വ്യവഹാരം ചെയ്യുന്നത്. ശാബ്ദിക, ചലച്ചിത്രസാധ്യതകളുടെ വിനിമയ പരിമിതി അച്ചടിമാധ്യമങ്ങൾ ക്രിയാത്മക വരകൾ ഉപയോഗിച്ച് മറികടക്കുന്നു. വ്യവഹാരത്തിൽ പെരുമ്പറയുടെ, പോർവിളിയുടെ ശബ്ദം അനുഭവത്തോളം എത്തിനില്ക്കുന്നു. വ്യവഹാരമാകെ ഒരു രാജകാലയുദ്ധാന്തരീക്ഷത്തെ നിർമ്മിച്ചെടുക്കുന്നു. 2021 മാർച്ച് 15 ലെ മാതൃഭൂമിയുടെ എട്ടുകോളം തലക്കെട്ട് ചുവന്ന വലിയ ഫോണ്ടിൽ 'അങ്കത്തിനാളായി' എന്നാണ്. നിയമസഭാ തെരഞ്ഞെടുപ്പിന് കോൺഗ്രസ്, ബി.ജെ.പി. എന്നീ പാർട്ടികൾ സ്ഥാനാർഥികളെ പ്രഖ്യാപിച്ചതാണ് വാർത്ത. ഈ രണ്ട് വാർത്തകൾക്കിടയിൽ അങ്കം എന്ന രൂപകത്തെ മറ്റൊരർഥത്തിൽ സാധൂകരിക്കുന്ന 'ഞെട്ടിച്ച് ലതികാ സുഭാഷ്' എന്ന വാർത്തയുമുണ്ട്.

#### 1.1.2. ജനായത്തത്തിലെ 'സിംഹാസനം'

2019 മെയ് 24ന് ഇന്ത്യൻ ലോകസഭാ തെരഞ്ഞെടുപ്പിന്റെ ഫലപ്രഖ്യാപന വാർത്തകളോടെയാണ് പത്രങ്ങൾ പ്രസിദ്ധപ്പെടുന്നത്. അന്നേദിവസത്തെ മലയാള മനോരമയുടെ ആദ്യപേജിൽ മോദിയുടെ ചിരിക്കുന്ന മുഖം, മുഖത്തിനുള്ളിൽ ഇരിക്കുന്ന അമിത്ഷാ എന്നിങ്ങനെയുള്ള വരച്ചുണ്ടാക്കിയ ഒരു വലിയ ചിത്രമാണ് പ്രധാന ആകർഷണമായി കൊടുത്തിരിക്കുന്നത്. ചിത്രത്തിലെ മോദിയുടെ മുഖംതന്നെയാണ് അമിത്ഷായുടെ ഇരിപ്പിടം. കാലിൽ കാലുകയറ്റിയാണ് അമിത് ഷാ ഇരിക്കുന്നത്. വിജയാഹ്ലാദം ചിരിയുടെ രൂപത്തിൽ മോദിയിൽ വരച്ചു ചേർത്തിരിക്കുന്നു. കളറിലുള്ള ഈ ചിത്രത്തിൽ മോദിയുടെ വെളുത്ത തലമുടി വ്യക്തമായും കാണുന്നതിലേയ്ക്കായി മലയാള മനോരമ എന്ന പേരിലെ മനോരമയെ പിന്നിലാക്കിയാണ് രൂപകല്പന ചെയ്തിരിക്കുന്നത്. ചിത്രത്തിന് പൂരകമായ വാർത്ത തെരഞ്ഞെടുപ്പ് ഫലത്തിന്റെ വിശദാംശങ്ങളാണ്. പ്രധാന തലക്കെട്ട് വലിയ അക്ഷരത്തിൽ രണ്ട് വരികളിലായി കൊടുത്തിരിക്കുന്നു. ആദ്യപേജിൽ മറ്റ് വലിയ തലക്കെട്ടുകൾ ഇല്ല. 'വീണ്ടും സിംഹാസനം' എന്നാണ് തലക്കെട്ട്.[4] തലക്കെട്ടും ചിത്രവും ചേർന്ന് എട്ടുകോളം വാർത്ത.

#### 1.1.2.1. വാക്കിലെ അർഥബോധം

മുമ്പ് വിശദീകരിച്ചതുപോലെ ജനായത്ത വ്യവസ്ഥയുടെ ഏറ്റവും കാതലായ ഒരു പ്രവർത്തനത്തിന്റെ ഫലപ്രഖ്യാപനമാണ് ഈ ദിവസം പൗരർക്കുമുമ്പാകെ പത്രത്തിന് നല്കാനുള്ളത്. ഈ വസ്തുത ഇവിടെ കൂടുതൽ പ്രസക്തമാണ്. എന്നിട്ടും പത്രം തെരഞ്ഞെടുക്കുന്നത് 'സിംഹാസനം' എന്ന പദമാണ്. ഒരു ജനായത്ത വ്യവസ്ഥയിൽ ഈ പദം നല്കുന്ന സൂചനകളെ വിലയിരുത്തേണ്ടതുണ്ട്. അടിസ്ഥാനപരമായി സിംഹാസനം ഒരു ഇരിപ്പിടമാണ്. എല്ലാ

[4] പത്രം തയ്യാറാക്കുന്ന സമയത്ത് ഏറ്റവും ആകർഷകമായ തലക്കെട്ടിനുവേണ്ടിയുള്ള ചർച്ചകൾ ഡെസ്കിൽ നടക്കാറുണ്ട്. ഇവിടെ ഈ വാർത്തകൾ തലേദിവസം തന്നെ ടെലിവിഷൻ , സൈബർ മാധ്യമങ്ങൾ , പത്രങ്ങളുടെ തന്നെ ന്യൂസ് പോർട്ടലുകൾ , തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റ് എന്നീ വിവിധ മാധ്യമങ്ങളിലൂടെ അറിഞ്ഞുകഴിഞ്ഞ ജനങ്ങളെയാണ് പത്രത്തിന് അഭിമുഖീകരിക്കാനുള്ളത് എന്ന യാഥാർഥ്യമുണ്ട്. അതുകൊണ്ട് മത്സരബുദ്ധിയോടെ തലക്കെട്ടും മേല്പറഞ്ഞ ചിത്രവുമൊക്കെ തെരഞ്ഞെടുക്കേണ്ടതുണ്ട്.

ഇരിപ്പിടങ്ങളും പക്ഷെ സിംഹാസനമാവില്ല. രാജാവ് ഇരിക്കുന്ന ഇരിപ്പിടമാണത്. ശബ്ദതാരാവലിയിൽ സിംഹാസനത്തിന്റെ അർഥം 'സ്വർണ്ണനിർമ്മിത രാജാസനം' എന്ന് കൊടുത്തിരിക്കുന്നു. ഇതും പോരാഞ്ഞ് സെർച്ച് ചെയ്യുമ്പോൾ മറ്റൊരു വാക്കും അനുബന്ധമായി നൽകുന്നു നിഘണ്ടുവിന്റെ ഡിജിറ്റൽ പതിപ്പ്.[5] അത് രാജസിംഹാസനം എന്നാണ്. അതിന്റെ അർഥമായി കൊടുത്തിരിക്കുന്നത് 'രാജാക്കന്മാർ ഇരിക്കുന്ന പീഠം' എന്നാണ്. വാസ്തവത്തിൽ ഭാഷ തന്നെ അധികാരശക്തിയ്ക്കുമുമ്പിൽ കീഴടങ്ങി 'പൗനരുക്തം' പോലുള്ള തെറ്റ് വരുത്തുന്നത് ഇവിടെ വ്യക്തമാണ്. സിംഹാസനം തന്നെ രാജാസനം ആകയാൽ രാജസിംഹാസനം എന്ന പദം രാജ ശബ്ദാർഥങ്ങളിലൊന്നിന്റെ ഇരട്ടിപ്പാകുന്നു. സിംഹാസനം രാജാസനം ആയും രാജാസനം സിംഹാസനം ആയും ഉള്ളപ്പോൾ മറ്റൊരു രാജസിംഹാസനം ഭാഷാപരമായി അനാവശ്യമാണ്. പക്ഷെ രാജശബ്ദമാകയാൽ ഇരട്ടിപ്പോ അത്തരം പദദോഷങ്ങളോ പ്രസക്തമല്ല എന്ന നിലയാണ് കാണുന്നത്. ഇതിൽനിന്ന് ഭാഷയുടെ അബോധംതന്നെ 'രാജകീയം' ആണെന്ന് മനസ്സിലാക്കാം. ഇവിടെ സുവ്യക്തമാകുന്ന വസ്തുത സിംഹാസനം എന്ന ശബ്ദത്തിൽ രാജാവിന്റെ എന്ന അർഥം നിഗീർണ്ണമാണ് എന്നതാണ്. ഈ പഠനത്തിന് സാധുത നല്കുന്ന പ്രധാനപ്പെട്ട വസ്തുതയാണത്.

സിംഹാസനം ചരിത്രപരമായ ഒരു അധികാരവ്യവസ്ഥയുടെ ചിഹ്നമാണ്. കിരീടവും ചെങ്കോലും സിംഹാസനവുമൊക്കെ രാജവാഴ്ചയുടെ (രാജത്തം എന്നാണ് പ്രബന്ധത്തിൽ തുടർന്ന് പ്രയോഗിക്കുന്നത്) അധികാരചിഹ്നങ്ങളാണ്. സിംഹാസനത്തിൽ ഇരുന്നാണ് രാജാവ് രാജ്യം ഭരിക്കുക. (ഇരുന്നരുളുക എന്ന് മലയാളം കൂടുതൽ വിധേയത്തം കാണിക്കാറുണ്ട്.) അതിനു തുല്യമായി മറ്റൊരു ഇരിപ്പിടം രാജ്യത്ത് വേറെ ഉണ്ടാവില്ല.[6] പ്രാചീനകാവ്യങ്ങളിൽ മുതൽ വസ്തുനിഷ്ഠമായ ചരിത്രരേഖകളിൽവരെ സിംഹാസനത്തെപ്പറ്റി പരാമർശിക്കുന്ന ധാരാളം ഉപാദാനങ്ങൾ ഉണ്ട്. ഇപ്രകാരം കൃത്യമായി ഒരു വ്യവസ്ഥയെ സൂചിപ്പിക്കുന്ന കൂടുതൽ വ്യക്തമായി പറഞ്ഞാൽ രാജത്തത്തെമാത്രം സൂചിപ്പിക്കുന്ന ഒരു പദം/ചിഹ്നം ഉപയോഗിച്ച് ജനായത്തത്തെ സൂചിപ്പിക്കുകയാണ് പത്രം. (ജനാധിപത്യത്തിൽതന്നെ ആധിപത്യമാണുള്ളത് എന്നതിനാൽ പ്രബന്ധത്തിൽ ജനായത്തം എന്ന പദമാണ് സ്വീകരിച്ചിട്ടുള്ളത്. ഭരണം, ഭരിക്കുക എന്നീ പദങ്ങൾപോലും ജനായത്തവ്യവസ്ഥയിൽ ഉചിതമല്ല. ആശയസംവേദനത്തിന് മറ്റ് പദങ്ങൾ ഇല്ലാത്തതിനാൽ ഉപയോഗിക്കുന്നു എന്നുമാത്രം.)

### 1.1.2.2. റദ്ദാകുന്ന തെരഞ്ഞെടുപ്പ്

മോദിയുടെ നേതൃത്വത്തിലുള്ള ദേശീയജനാധിപത്യമുന്നണിയ്ക്ക് ഭരണത്തുടർച്ച ലഭിച്ചു എന്നതാണ് പത്രത്തിന് വിനിമയിക്കാനുള്ള പ്രധാന ആശയം. അഥവാ ജനങ്ങൾ അതേ മുന്നണിയെ, ഗവൺമെന്റിനെ അംഗീകരിക്കുന്നു എന്നും. എന്നാൽ ഈ അർഥസംവേദനത്തിനായി സിംഹാസനം സ്വീകരിക്കുമ്പോൾ തെരഞ്ഞെടുപ്പുതന്നെ റദ്ദ് ചെയ്യപ്പെടുകയാണ് ചെയ്യുന്നത്.

[5] https://stv.sayahna.org/stv-a1.html

[6] ജനായത്തം ഭരണവ്യവസ്ഥയായി അംഗീകരിച്ചിട്ടുള്ള ഇന്ത്യയിലിപ്പോൾ മ്യൂസിയങ്ങളിലൊഴികെ എവിടേയും സിംഹാസനമില്ല എന്നതാണ് വസ്തുത. പ്രധാനമന്ത്രിയോ അതിനും മുകളിൽ ഭരണഘടനാധികാരങ്ങൾ ഉള്ള രാഷ്ട്രപതിയോ ഇരിക്കുന്നത് സിംഹാസനത്തിലല്ല. അവരുടെ ഓഫീസുകളിൽ രാജ്യത്ത് മറ്റുപലരും ഇരിക്കുന്നതുപോലുള്ള ഇരിപ്പിടമാണ് ഉള്ളത്. കാലഹരണപ്പെട്ട, ചരിത്രപരത മാത്രമുള്ള ഒരു പദം ഉപയോഗിക്കുന്നതിലൂടെ പത്രം ജനായത്തത്തെ രാജത്തംകൊണ്ട് അടയാളപ്പെടുത്താൻ ശ്രമിക്കുന്നു.

കാരണം തെരഞ്ഞെടുപ്പ് സിംഹാസനത്തിനുവേണ്ടിയല്ല. ആർക്കെങ്കിലും തെരഞ്ഞെടുപ്പിലൂടെ സിംഹാസനം ലഭിച്ചതായി ഇന്ത്യൻ ചരിത്രത്തിലൊരിടത്തും പരാമർശമില്ല. സിംഹാസനങ്ങൾ ഭൂരിഭാഗവും പാരമ്പര്യമായും ശേഷം യുദ്ധം ചെയ്തും പിടിച്ചുവാങ്ങിയതായുമാണ് ചരിത്രം തരുന്ന ധാരണ. മറ്റൊരു സിംഹാസനസൂചന അത് ഏകാധിപത്യത്തിന്റെ, സ്വേച്ഛാധിപത്യത്തിന്റെ ഒരു രൂപകമാണ് എന്നതാണ്. ഇന്ത്യ ഒരു ജനായത്തരാജ്യവും ഇവിടെ നടന്ന പൊതുതെരഞ്ഞെടുപ്പ് അതിന്റെ ഭാഗവുമായിരുന്നു എന്ന വസ്തുത ഈ പ്രയോഗത്തിലൂടെ മറച്ചുവെയ്ക്കുകയോ തെറ്റായി വ്യാഖ്യാനിക്കുകയോ ആണ് പത്രം ചെയ്യുന്നത്. അതായത് ജനായത്തമെന്ന വ്യവസ്ഥയെ അബോധത്തിൽ അട്ടിമറിയ്ക്കുകയാണ് ഈ ഭാഷാപ്രയോഗം. തെരഞ്ഞെടുപ്പുഫലം തലേന്നുതന്നെ അറിഞ്ഞുകഴിഞ്ഞ ജനങ്ങളോട് അറിഞ്ഞ ഫലത്തിന്റെ വിശേഷണയുള്ള വിപരീതവിനിമയത്തിനാണ് പത്രം ശ്രമിക്കുന്നത്. ഇതിന് വേറെയും അടരുകൾ ഉണ്ട്.

### 1.1.2.3. പൗരത്വത്തിന്റെ പ്രശ്നവത്കരണം

ജനായത്തത്തിൽ ഭരിക്കാനുള്ള യോഗ്യത ലഭിച്ചവരെ പത്രം രാജത്ത സിംഹാസന ത്തിലിരുത്തുമ്പോൾ അതിനുള്ള അനുമതി നല്കിയവരുടെ പൗരത്വം ഇല്ലാതാവുകകൂടിയാണ് ചെയ്യുന്നത്. അതായത് ഭരിക്കുന്നത് സിംഹാസനത്തിൽ ഇരുന്നുള്ള രാജവാഴ്ചയാണെങ്കിൽ ആ രാജ്യത്ത് പൗരരല്ല, പ്രജകളേ ഉണ്ടാവൂ. കൈവിരലിലെ വോട്ടെടുപ്പിന്റെ മഷി മായുംമുമ്പുതന്നെ തെരഞ്ഞെടുപ്പ് റദ്ദാക്കുന്നതുപോലെ പൗരനെ അവന്റെ കർതൃപദവിയുള്ള പൗരത്വത്തിൽനിന്ന് ബഹിഷ്കൃതനാക്കുകയും പകരം കർമ്മപദവി മാത്രമുള്ള പ്രജയാക്കി തീർക്കുകയും ചെയ്യുന്ന ഈ വ്യവഹാരം. ഇത് സൂക്ഷ്മവും അബോധവും ആയ പ്രവർത്തനമാണ്.

### 1.1.2.4. വസ്തു-പശ്ചാത്തലബന്ധം

ധൈഷണികവൃത്തികളിൽ അർഥഗ്രഹണത്തിന് സഹായിക്കുന്ന വസ്തു-പശ്ചാത്തല ബന്ധം ഇവിടെ പ്രവർത്തിക്കുന്നു. സിംഹാസനം ഒരു ഭാഷാചിഹ്നമാണെങ്കിലും അതൊരു ദൃശ്യബിംബത്തെക്കൂടി മനസ്സിലുണ്ടാക്കാൻ ഇടയുണ്ട്. ആ ചിത്രം പശ്ചാത്തലമേ ആകൂ. അതിനാൽ വസ്തുവിന്റെ സാന്നിധ്യത്തെ മനസ്സ് തേടുകയും ചെയ്യും. വസ്തു അതിന്റെ പശ്ചാത്തലത്തെ മാത്രമല്ല, തിരിച്ചും സ്മരണയിലുണ്ടാക്കും. പദത്തിന് തൊട്ടടുത്തായി വലിയ ചിത്രം ഉള്ളതുകൊണ്ട്, അത് മനുഷ്യമുഖം ആയതുകൊണ്ട് എളുപ്പത്തിൽതന്നെ അത് വസ്തുവിന്റെ പ്രതിനിധിയായി പ്രവർത്തിക്കും. അങ്ങനെ ധൈഷണികമായി ഈ വ്യവഹാരം പൂർണ്ണതയോടെ വിനിമയിക്കപ്പെടുകയും രാജത്ത ആശയങ്ങളുള്ള ഒരു ജ്ഞാനതലം രൂപപ്പെടുകയും ചെയ്യുന്നു. ആകെ പത്രത്തിന്റെ താള് ഒരു വ്യവഹാരമായി മാറുന്നു എന്നർഥം. ഇതിനോട് ചേർന്നുപോകുന്ന ചിലത് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സമൂഹബോധത്തിൽ മുമ്പുതന്നെ ഉണ്ട്. ആ ജ്ഞാനമാതൃക മനസ്സിലാക്കേണ്ടതുണ്ട്.

### 1.1.2.5. തെരഞ്ഞെടുപ്പിന്റെ ജ്ഞാനതലം

തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഒരു സാമാന്യധാരണ അപ്പോൾ മാത്രമാണ് ജനങ്ങൾക്ക് മൂല്യം ഉണ്ടാകുന്നത് എന്നതാണ്. അതുവരേയും കണ്ടാൽ ചിരിക്കാത്തവർ, വീട്ടിൽ വരാത്തവർ, മിണ്ടാത്തവർ പതിവുകൾ തെറ്റിച്ച് അടുത്ത് വരുന്നത് ആ കാലത്താണ്. വോട്ടെടുപ്പിന്

കൊണ്ടുപോകാനും കൊണ്ടുവരാനും വാഹനംവരെ ഏർപ്പെടുത്തിക്കൊണ്ട് ജനങ്ങൾ വിലയുള്ളവരാണ് എന്ന് അപൂർവമായി നേതാക്കൾ സമ്മതിക്കുന്നു. 'വിലപ്പെട്ട സമ്മതിദാനം' എന്നൊക്കെയുള്ള പ്രയോഗങ്ങൾ ഇതോട് ചേർത്തുവെയ്ക്കാം. കാര്യംകാണാൻ മാത്രം അടുത്തുകൂടുന്നവരെ, തരാതരം നിറം മാറുന്നവരെ 'നേതാവാകാൻ' നോക്കുന്നവരെന്ന് നാടൻ വാമൊഴികളിലൊക്കെ വ്യവഹരിക്കുന്നതും ഓർമിക്കാം. അതായത് അത്യപൂർവമായി തങ്ങൾ രാഷ്ട്രത്തിന്റെ, രാഷ്ട്രീയത്തിന്റെ ഭാഗമാണ് എന്നും തങ്ങളുടേത് കർതൃ അധികാരങ്ങൾ ഉള്ള പൗരത്വമാണെന്നും ജനം മനസ്സിലാക്കുമ്പോൾതന്നെ അത് വോട്ടെടുപ്പ് കഴിയുന്നതോടെ അട്ടിമറിക്കപ്പെടുമെന്നുള്ള ആശയംകൂടി ജ്ഞാനതലത്തിൽ വരുന്നുണ്ട് എന്നർഥം. ഈ ഒരു സന്ദർഭത്തിലാണ് മാധ്യമത്തിന്റെ പൂരകമായ വ്യവഹാരം വരുന്നത് എന്നതും പ്രധാനമാണ്. സിംഹാസനത്തിൽ ഇരിക്കാനുള്ള യോഗ്യതയാണ് തങ്ങൾ നേതാക്കൾക്ക് നല്കിയത് എന്ന് തോന്നിപ്പിക്കുന്നവിധത്തിൽ വ്യവഹാരം പ്രവർത്തിക്കുന്നു.

### 1.1.2.6. പ്രതിരോധവ്യവഹാരം എന്ന സാധ്യത

തലക്കെട്ടിന്റെ ആദ്യഭാഗം 'വീണ്ടും' എന്നാണ്. അതായത് നിലവിൽ സിംഹാസനത്തിൽ ഇരുന്നവർക്ക് വീണ്ടും അവസരം ലഭിച്ചിരിക്കുന്നു എന്നാണ് സൂചന. തെരഞ്ഞെടുപ്പുഫലം ഭരണത്തുടർച്ചയാണ് എന്ന വസ്തുത ഇതിനു പിന്നിൽ ഉണ്ട്. ചുവന്ന നിറത്തിൽ വലിയ ഫോണ്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത് ഈ പദമാണ് എന്നത് ഇതിന് പ്രത്യയശാസ്ത്രപരമായ ഒരു പ്രതിരോധസ്വഭാവവുംകൂടി സാധ്യമാക്കുന്നു. മോദിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് സ്വേച്ഛാപരവും ഏകാധിപത്യപരവുമായാണ് ഭരിച്ചതെന്ന് സൂചിപ്പിക്കാനും അതിന്റെ തുടർച്ചയാകാം ഇനിയും ഉണ്ടാവുക എന്നും ഈ പ്രയോഗങ്ങളിലൂടെ വിനിമയിക്കാൻ കഴിഞ്ഞേക്കും. ചുവപ്പ് നിറത്തിന്റെ ചിഹ്നപരമായ അപകടസൂചനയും ഇതാണ് തെളിയി ക്കുന്നത്. എന്നാൽ പത്രത്തിന്റെ തുടർന്നുള്ള ദിവസങ്ങളിലെ അവതരണങ്ങൾക്കൂടി ചേർത്തു വെയ്ക്കുമ്പോൾ പ്രതിരോധസാധ്യത താരതമ്യേന കുറവാണ് എന്നും കൂടുതലായും പ്രത്യയശാസ്ത്രമാണ് വിനിമയിക്കുന്നതെന്നും ബോധ്യമാകും. ഭരണം കിട്ടിയവർക്കുള്ള പരസ്യമായ തുടർച്ചാനുമതിയായാണ് ഇവിടെ വീണ്ടും സിംഹാസനം എന്ന പ്രയോഗം പ്രവർത്തിക്കുന്നത്. അതേസമയം ജനങ്ങളെ ഈയൊരു രാജവാഴ്ചയ്ക്ക് അനുഗുണമായി തയ്യാറെടുപ്പിക്കുക എന്ന ദൗത്യവും പത്രം നിറവേറ്റുന്നു. തുടർച്ചയായി രാജാവുമായും രാജവാഴ്ചയുമായും ബന്ധപ്പെട്ട വ്യവഹാരങ്ങൾ, പ്രയോഗങ്ങൾ നടത്തിവരുന്ന മാധ്യമം എന്ന നിലയിൽ സാവധാനമുള്ള ഒരു സൂക്ഷ്മവിനിമയത്തിന്റെ ഭാഗമാണ് ഇത് എന്നും കാണണം. അതായത് ചിന്താശേഷിയും കർതൃപദവിയുമുള്ള പൗരനുപകരം വിധേയത്വവും കർമ്മ പദവിയും ഉള്ള പ്രജയെ അബോധത്തിൽ നിർമ്മിച്ചെടുക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്. വരിനിൽക്കാനും വിധേയപ്പെടാനും അടിമയാകാനും ജനത ഇപ്രകാരം കൂടിയാണ് രൂപപ്പെട്ടുവരുന്നത്.

### 1.1.2.7. വ്യവഹാരാനുബന്ധചിന്തകൾ

സിംഹാസനത്തിലിരിക്കുന്ന ഭരണാധികാരിയും ഭരണവും എന്ന ചിന്തയുടെ അനുബന്ധങ്ങൾ വേറെയുമുണ്ട്. രാജാവിന് ഒറ്റയ്ക്ക് തീരുമാനങ്ങൾ എടുക്കാനാവും. അതാണ് അതിന്റെ പ്രത്യേകത. ഏകാധിപത്യം, സ്വേച്ഛാധിപത്യം എന്നൊക്കെ അതിനെ വിളിക്കുന്നതിന്റെ

വിവക്ഷ അതാണ്. ജനായത്തത്തിൽ പക്ഷെ അങ്ങനെയല്ല കാര്യങ്ങൾ. അവിടെ സുപ്രധാന ധർമ്മങ്ങളുള്ള പ്രതിപക്ഷം എന്ന ആശയമുണ്ട്. ഗവൺമെന്റിന്റെ ആശയങ്ങളോട് യോജിച്ചും വിയോജിച്ചും ചർച്ച ചെയ്തും പ്രതിപക്ഷം ജനായത്തത്തെ സാധ്യമാക്കുന്നു. വാസ്തവത്തിൽ ജനങ്ങളുടെ നാവായും പ്രതിനിധിയായും കാര്യക്ഷമമായി ഇടപെടുക പ്രതിപക്ഷമാവും. സിംഹാസനസ്ഥമായ ഭരണം പ്രതിപക്ഷമില്ലാത്ത, അതുകൊണ്ടുകൂടി ജനായത്തമല്ലാത്ത ഭരണമാണ്.

തലക്കെട്ടിനെ എങ്ങനെയാണ് അനുബന്ധങ്ങൾ പൊലിപ്പിക്കുകയും പൂരിപ്പിക്കുകയും ചെയ്യുന്നത് എന്നുകൂടി നോക്കാം. പ്രധാന തലക്കെട്ട് കൂടാതെ ഒരു വാർത്താഭാഗം തലക്കെട്ട് രൂപത്തിൽ പ്രധാന തലക്കെട്ടിന് മുകളിലായി കൊടുത്തിട്ടുണ്ട്. 'പ്രതിപക്ഷ നേതാവ് എന്ന പദവിയ്ക്കുവേണ്ട 55 സീറ്റുപോലും തികയ്ക്കാനാവാതെ തകർന്നടിഞ്ഞ് കോൺഗ്രസ്' എന്നാണ് ഉപശീർഷകത്തിന്റെ കാതൽ. ഇവിടെയും ചില സൂചനകൾ പ്രധാന തലക്കെട്ടിന് അനുപൂരകമായി വരുന്നുണ്ട്. പ്രതിപക്ഷത്തിന്റെ സാങ്കേതികമായ അസാന്നിദ്ധ്യത്തിന്റെ സൂചന സിംഹാസനത്തെ കൂടുതൽ ഉറപ്പിക്കുകയാണ് ചെയ്യുന്നത്. തകർന്നടിഞ്ഞ് എന്ന പ്രയോഗമാവട്ടെ മറ്റൊരു വലിയ ശക്തിയെ പ്രതീതിപ്പെടുത്തുന്നു. അതായത് രാജത്തത്തിന്റെ പ്രാഭവത്തിൽ കോൺഗ്രസ് തകർന്നടിഞ്ഞു എന്ന ആശയം ഈ പ്രയോഗങ്ങളുടെ സന്നിവേശംമൂലം ഉണ്ടായിവരുന്നു. പ്രതിപക്ഷത്തിന്റെ തകർച്ച, വിണ്ടും സിംഹാസനം, അതിനോട് അനുപൂരകമായ ചിത്രം എന്നിങ്ങനെ പുതിയ 'രാജാവിന്റെ അരിയിട്ടുവാഴ്ച' (ഇതൊക്കെ ഇന്നും പത്രങ്ങൾ പ്രയോഗിക്കുന്നവയാണ്!) ആഘോഷിക്കുകയാണ് മനോരമയെന്ന് തോന്നിപ്പിക്കുന്ന വ്യവഹാരം.

മറ്റൊരു സവിശേഷതകൂടി ഇതോട് ചേർത്തുവെയ്ക്കാനുണ്ട്. ഈ ദിവസം പത്രത്തിന്റെ പേരുപോലും സ്ഥാനം മാറ്റിയാണ് നല്കിയിരിക്കുന്നത് എന്നതാണത്. പത്രത്തിന്റെ പേരു താഴ്ത്തിയുണ്ടാക്കിയ ഇടത്തിൽ മുന്നണിയുടെ സീറ്റുനില നല്കിയിരിക്കുന്നു. ഇങ്ങനെ എല്ലാതരത്തിലും രാജാവിനോട് വിധേയപ്പെടുന്ന അവസ്ഥയിലാണ് പത്രമെന്ന് പറയാം. ഇതൊന്നും പോരാഞ്ഞ് വാർത്തയിലും രാജത്തസൂചനകൾ പ്രയോഗിച്ചിട്ടുണ്ട്. 'ആഞ്ഞടിച്ച് മോദി തരംഗം' എന്നു തുടങ്ങുന്ന വാർത്തയിൽ തുടർന്നുള്ള ഒരു ഭാഗത്ത് ഇങ്ങനെ കാണാം. 'യുപിയിൽ ബിജെപി കോട്ട കാത്തു'. കോട്ട പണിയേണ്ടതും കാക്കേണ്ടതും രാജാവിന്റെ ഭരണകൃത്യം തന്നെയാണ്. യുപിയിൽ കോട്ട കാത്ത ബിജെപി ബംഗാളിൽ 'കടന്നുകയറ്റം' നടത്തുകയാണ് ചെയ്യുന്നതെന്ന് വാർത്ത പറയുന്നു. കടന്നുകയറുക, പിടിച്ചടക്കുക എന്നിങ്ങനെയുള്ള പ്രയോഗങ്ങളും ഇവിടെ രാജത്തത്തെയാണ് ഓർമിപ്പിക്കുക. 5 കേന്ദ്രമന്ത്രിമാർ പരാജയപ്പെട്ടത് പത്രം ഏറ്റവും ഒടുവിലെ പോയിന്റായി ഒതുക്കിയിരിക്കുന്നു എന്നതും ഇതോട് ബന്ധിപ്പിക്കാവുന്നതാണ്.

### 1.1.2.8. പ്രത്യയശാസ്ത്രങ്ങളെ ഉറപ്പിച്ചെടുക്കുന്ന മാധ്യമലീല

സാമാന്യബോധമായി പ്രചാരത്തിലുള്ള ആശയങ്ങളെ പത്രം ഇതിനായി പ്രയോജനപ്പെടുത്തുന്നുണ്ടെന്ന് സൂചിപ്പിച്ചു. സമൂഹമനസ്സിന്റെ അര നൂറ്റാണ്ടിലധികമുള്ള സ്മരണകൾ ഇവിടെ സാധൂകരണത്തിനായി എത്തുന്നു. തെരഞ്ഞെടുക്കപ്പെടുന്നവർ പിന്നീട് ജനങ്ങളെക്കുറിച്ച് ഓർക്കാറില്ലെന്നും അഞ്ചുവർഷം കൂടുമ്പോൾ മാത്രമാണ് രാഷ്ട്രീയക്കാർ മണ്ണിലിറങ്ങുക എന്നും സാമാന്യജനം ധരിക്കാനിടയായിട്ടുണ്ട്. ഈ ധാരണ രൂപീകരിക്കു ന്നതിൽ രാഷ്ട്രീയക്കാർ മാത്രമല്ല മാധ്യമങ്ങളും ഇടപെട്ടിട്ടുണ്ട്. സാമാന്യമായി ഉറച്ചുപോയ ഈ ധാരണയാണ് തെരഞ്ഞെടുപ്പ് എന്ന

പദംപോലും പ്രാഥമികമായി വ്യക്തിബോധത്തിൽ നിർമ്മിക്കുക. അതിന്റെ ഒരു സാധ്യത വോട്ടെടുപ്പിനുശേഷം തങ്ങളുടെ കടമ/ആവശ്യം/ പങ്കാളിത്തം അവസാനിച്ചതായി ജനങ്ങൾ കരുതുന്നു എന്നതാണ്. എന്നാൽ ജനായത്തത്തിന്റെ രീതിപദ്ധതി അതല്ല. നിരന്തരമായി തങ്ങളുടെ പ്രതിനിധികളോട് വിനിമയിക്കാൻ അവർക്ക് കഴിയും. അതിനുള്ള ശക്തമായ ഉപാധികളിലൊന്നാണ് മാധ്യമം. എന്നാൽ ഇവിടെ മാധ്യമം തന്നെ വിപരീതദിശയിൽ നീങ്ങുന്നു. മാധ്യമം നല്കുന്ന ഈ 'ഭരണാനുമതി' ഫലത്തിൽ ജനങ്ങൾ നല്കുന്നതായാണ് വ്യാഖ്യാനിക്കപ്പെടുക. ഒരു സ്വേച്ഛാഭരണത്തിലേക്ക് കടന്നുചെല്ലാനോ തിരിച്ചുചെല്ലാനോ ഉള്ള വാതിൽ ഭാഷയിലൂടെ തുറന്നിടുകയാണ് മാധ്യമം ചെയ്യുന്നത്. തങ്ങളുടെ ചിന്ത ശരിയായ ദിശയിലാണെന്ന് ജനത്തിനു തോന്നുംവിധം അവരുടെ പൂർവധാരണകളെ ശരിവെയ്ക്കുകയാണ് ഇവിടെ മാധ്യമം ചെയ്യുന്നത്. നേരിട്ട് ധൈഷണികമായി പ്രവർത്തിക്കുന്ന ഇത്തരം പ്രയോഗങ്ങൾ എന്നതും പ്രധാനമാണ്. കാരണം അത്രയേറെ ആവർത്തനങ്ങളിലൂടെ മാധ്യമങ്ങൾ ഇത്തരം വ്യവഹാരങ്ങളെ ജ്ഞാനമാതൃകയിൽ ഘടിപ്പിച്ച് സ്വാഭാവികമാക്കിയിട്ടുണ്ട്.

**1.1.3. അജയ്യനായി മോദി**

അതേദിവസത്തെ മാതൃഭൂമിയും പരിശോധിക്കേണ്ടതുണ്ട്. 'അജയ്യനായി മോദി' എന്ന രണ്ടുവരി തലക്കെട്ടോടെയാണ് വാർത്ത. 'എൻ.ഡി.എ. വീണ്ടും അധികാരത്തിൽ' എന്നിങ്ങനെ വസ്തുതകൾ നിരത്തിയുള്ള, രൂപകലീല കുറഞ്ഞ ഭാഷയോടെയാണ് മാതൃഭൂമി ഈ ദിവസം വരുന്നത് വാർത്തയ്ക്കൊപ്പം മോദിയുടെ ചിത്രമുണ്ട്. സമാനമായി കേരളത്തിലെ യു.ഡി.എഫ് ജയം വലിയ വാർത്തയായി കൊടുത്തിരിക്കുന്നു. 'തൂത്തുവാരി യു.ഡി.എഫ്.' എന്ന തലക്കെട്ടിനുതാഴെ ചുവപ്പിൽ വെള്ള അക്ഷരങ്ങളിൽ 'ഇടതിന് വൻതകർച്ച' എന്ന ഉപതലക്കെട്ടുമുണ്ട്. അനുബന്ധദിവസങ്ങളിലെ വ്യവഹാരങ്ങളും സമാനമായ ആശയങ്ങളാണ് തരുന്നതെങ്കിലും വിസ്താരഭയംമൂലം ഉദാഹരിക്കുന്നില്ല. രാജപ്രതിനിധി, രാജകുടുംബം എന്നിങ്ങനെയും രാജാവ് എന്ന് നേരിട്ടും ഈ ജനായത്തകാലത്തും മാധ്യമമലയാളം ചിലരെ രേഖപ്പെടുത്തുന്നത് ഇതോട് കൂട്ടിവായിക്കാം.

2018 ലെ ശബരിമല സ്ത്രീപ്രവേശവുമായി ബന്ധപ്പെട്ട് വന്ന സുപ്രീംകോടതി വിധിയും തുടർന്നുണ്ടായ സംഭവവികാസങ്ങളുമാണ് വാർത്തയുടെ ഈവിധമുള്ള ആഖ്യാനത്തിന്റെ അടിസ്ഥാനം. ആ സന്ദർഭത്തിൽ മാധ്യമങ്ങൾ കൊടുത്ത സവിശേഷമായ സ്പേയ്സിലാണ് 'രാജപ്രതിനിധി'യും 'രാജകുടുംബ'വും 'രാജാവും' ജനായത്തത്തിലേക്ക് കൂടുതൽ പ്രാധാന്യത്തോടെ കടന്നുവന്നത്. ഒരു കാലത്ത് നിലനിന്നിരുന്ന രാജത്തത്തിന്റെ ഉപയോക്താക്കളുമായുള്ള കുടുംബപരമ്പരാബന്ധം മാത്രമാണ് ഈ സന്ദർഭത്തിലും ഒരാളെ 'രാജാവാക്കാൻ' മാധ്യമങ്ങൾക്കുള്ള ന്യായം. മാധ്യമങ്ങളുടെകൂടി സഹായത്തോടെ സാമൂഹികമായി നേടിയെടുത്ത വിപ്ലവകരമായ വ്യവസ്ഥാമാറ്റത്തിന്റെ, പുരോഗമനത്തിന്റെ ഒരു ചരിത്രത്തെ റദ്ദ് ചെയ്യുകയാണ് മാധ്യമങ്ങൾ ചെയ്യുന്നത്. അധികാരത്തിന്റെ ഏകാധിപത്യസ്വഭാവമുള്ള ഒരു വ്യവസ്ഥയേയും അതിലെ കീഴ്നിലമാത്രമുണ്ടായിരുന്ന, കർതൃത്വമില്ലാതിരുന്ന പ്രജാസമൂഹത്തെയും വീണ്ടും അബോധത്തിലെങ്കിലും സാധ്യമാക്കുകയാണ് പ്രത്യയശാസ്ത്രമായി ഈ ആശയാവലി.

**സഹായകഗ്രന്ഥങ്ങൾ:**


കുഞ്ഞപ്പ, മൂർക്കോത്ത്. 1973. *മലയാള മനോരമ സംസ്കാരതരംഗിണി.* കോട്ടയം : മലയാള മനോരമ പബ്ലിഷിങ്ങ് ഹൗസ്.

ഗണേഷ്, കെ.എൻ. 1990. *കേരളത്തിന്റെ ഇന്നലെകൾ.* തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ഗിരീഷ്, പി.എം. 1998. *കേരളത്തിലെ ആചാരഭാഷ.* തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

_______2016. *ജോർജ് ലക്കോഫ് ഭാഷയുടെ രാഷ്ട്രീയമനസ്സ്.* തിരുവനന്തപുരം : ചിന്ത പബ്ലിഷേഴ്സ്.

_______2017. *അധികാരവും ഭാഷയും.* കോഴിക്കോട് : ഐ ബുക്സ് കേരള.

ജയരാജ്, എം. 2013. *മലയാള അച്ചടിമാധ്യമം: ഭൂതവും വർത്തമാനവും.* കോഴിക്കോട് : മാതൃഭൂമി ബുക്സ്.

ജെഫ്രി, റോബിൻ. 2004. *ഇന്ത്യയിലെ പത്രവിപ്ലവം: മുതലാളിത്തം രാഷ്ട്രീയം ഭാരതീയ ഭാഷാപത്രങ്ങൾ 1977-99.* (വിവ. പി.കെ. ശിവദാസ്) തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ജോര്ജ്ജ്, സി.ജെ. 1998. *വാക്കിന്റെ സാമൂഹികശാസ്ത്രം.* തൃശ്ശൂർ : കറന്റ് ബുക്സ്.

തോമസ്, എം.വി. 2005. *ഭാരതീയപത്രചരിത്രം,* തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

നാരായണൻ, വി.കെ. 2014. *ഭാഷയും മാധ്യമവും.* തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

പത്മനാഭപിള്ള, ജി. ശ്രീകണ്ഠേശ്വരം. 2008. *ശബ്ദതാരാവലി.* കോട്ടയം : സാഹിത്യ പ്രവര്ത്ത്ക സഹകരണസംഘം.

പ്രിയദർശൻ, ജി. 1999. *കേരള പത്രപ്രവർത്തനം സുവർണ്ണാധ്യായങ്ങൾ,* കോട്ടയം : സ്വന്തം പ്രസിദ്ധീകരണം.

പോൾ മണലിൽ, ജസ്റ്റിൻ രാജ് എൽ.ഐ., (എഡി.) 1994. *മാധ്യമനിരീക്ഷണം.* കോട്ടയം : കറന്റ് ബുക്സ്

രവീന്ദ്രൻ, പി.പി. 1998. *മിഷേൽ ഫൂക്കോ. വര്ത്തരമാനത്തിന്റെ ചരിത്രം*തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

രാജശേഖരൻ, പി.കെ. 2006. *ഏകാന്തനഗരങ്ങൾ.* കോട്ടയം : ഡി.സി. ബുക്സ്.

_______ 2019. *മലയാളിയുടെ മാധ്യമജീവിതം.* തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ശിവപ്രസാദ് പി., 2019. *പദപ്രശ്നങ്ങൾ.* കോഴിക്കോട് : ഐ പബ്ലിക്കേഷൻ.

ശ്രീരാജ്, കെ.കെ. 2016. *മാധ്യമഭാഷാമാറ്റങ്ങൾ.* തൃശ്ശൂർ : കേരള സാഹിത്യ അക്കാദമി.

ഷാജി ജേക്കബ്, 2006. *മാധ്യമങ്ങളുടെ രാഷ്ട്രീയം.* കോഴിക്കോട് : ഒലിവ്.


**Selected Bibliography**


Althusser, Louis. 1971. *Ideology and ideological State Apparatus in Lenin and Philosophy.* London : New left books.

Chomsky, Noam, 2007. *Necessory illusions Thought Control in Democratic Societies*, New Delhi : Viva Books (Pvt) Ltd.

Chouliaraki, Lilie and Fairclough. 1999. *Discourse in late modernity: Rethinking Critical Discourse Analysis*. Edinburgh : Edinburgh University Press.

Fairclough, Norman. 1989. *Language and Power.* London :Congma.

Fairclough, N. and Wodak, R. 1997. Critical discourse analysis. In T. A. van Dijk (ed.), *Discourse Studies. A Multidisciplinary Introduction, Vol. 2. Discourse as Social Interaction* (pp.258-84). London : Sage.

Joseph, Ammu and Sharma, Kalpana. 1994. Whos News? The media and Women's issues. Lundon : Sage.

Lakoff, George & Mark Johson. 1980/2003. *Metaphors We Live*. Chicago : University of Chicago Press.

Ruth, Wodak. (Ed) 1938. *Language Power and Ideology: Study in Political Discourse*. London :Benhamins Publishing Compony.

Van Dijk, Teun. 1991. *Racism and Press in Robert Miles* (Ed) in Critical studies in Racism Migration, New York : Routledge.